**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2658** **07-07-2022 - ൽ മറുപടിയ്ക്ക്**

**രജിസ്ട്രേഷൻ വകുപ്പ് ഓഫീസുകളിലെ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | രജിസ്ട്രേഷൻ വകുപ്പിൽ എന്ന് മുതലാണ് കമ്പ്യൂട്ടറൈസേഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) | 2002 - മുതൽ |
| (ബി) | കമ്പ്യൂട്ടറൈസേഷൻ പ്രവൃത്തിയുടെ ആരംഭകാലം മുതൽ 2021 വരെ രജിസ്ട്രേഷൻ ഐ.ജി. ഓഫീസിലെ ഐ.ടി.1 എന്ന സീറ്റ് കൈകാര്യം ചെയ്തിരുന്ന ഉദ്യോഗസ്ഥരുടെയും അവരുടെ കാലയളവും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാണോ; എങ്കിൽ നൽകാമോ; | (ബി) | കമ്പ്യൂട്ടറൈസേഷൻ പ്രവൃത്തിയുടെ ആരംഭകാലത്ത് ഐ.റ്റി.-1 എന്ന സീറ്റ് കൈകാര്യം ചെയ്തിരുന്നത് സീനിയർ ക്ലർക്ക് ശ്രീ.വി.റ്റി. ശ്രീകുമാർ എന്ന ഉദ്യോഗസ്ഥനാണ്. നിലവിൽ ലഭ്യമായ വിവരം അനുസരിച്ച് 01.06.2009 മുതൽ 12.08.2015 വരെ സീനിയർ ക്ലാർക്കായും 13.08.2015 മുതൽ 29.10.2019 വരെ ഹെഡ് ക്ലാർക്കായും 30.10.2019 മുതൽ 30.07.2021 വരെ ജൂനിയർ സൂപ്രണ്ടായും ശ്രീ.റിസ്സ.എം.എം. ഐ.ടി.-1 സീറ്റിൽ ജോലി ചെയ്തിരുന്നു. തുടർന്ന് 09.08.2021 മുതൽ 27.04.2022 വരെ ജൂനിയർ സൂപ്രണ്ട് ശ്രീ. സുബിൻ.ഡി.രാജുവും ഐ.ടി.-1 സീറ്റിൽ ജോലി ചെയ്തിരുന്നു. |
| (സി) | കഴിഞ്ഞ 25 വർഷമായി രജിസ്ട്രേഷൻ വകുപ്പിൽ പ്ലാൻ ഫണ്ട് കൈകാര്യം ചെയ്ത് വരുന്ന ഉദ്യോഗസ്ഥരുടെ പേരും അവർ കൈകാര്യം ചെയ്തിരുന്ന കാലയളവും ലഭ്യമാണോ; എങ്കിൽ നൽകാമോ; | (സി) | രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, ഫിനാൻസ് ഓഫീസർ എന്നിവരാണ് പ്ലാൻ ഫണ്ട് കൈകാര്യം ചെയ്തു വരുന്നത്. വകുപ്പിൽ നിലവിൽ ലഭ്യമായ വിവരങ്ങളിൽ നിന്നും പ്ലാൻ ഫണ്ട് കൈകാര്യം ചെയ്തിരുന്ന ഉദ്യോഗസ്ഥരുടെ പേരുവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) | രജിസ്ട്രേഷൻ വകുപ്പിൽ പ്ലാൻ ഫണ്ട് സംബന്ധിച്ച കാര്യങ്ങളും ആയതിൽ നിന്നുള്ള ഭീമമായ തുകക്കുള്ള പർച്ചേസുകളും ധനകാര്യ/അക്കൗണ്ട്സ് വിഭാഗം കൈകാര്യം ചെയ്യാതെ സാങ്കേതിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന സെക്ഷനിലെ ഒരു ഉദ്യോഗസ്ഥൻ തന്നെ 2020 വരെയും കൈകാര്യം ചെയ്ത് വന്നിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (ഡി) | രജിസ്ട്രേഷൻ വകുപ്പിൽ കംപ്യൂട്ടർ വൽക്കരണവുമായി ബന്ധപ്പെട്ടാണ് പ്ലാൻ ഫണ്ട് അനുവദിച്ചിട്ടുള്ളത്. കംപ്യൂട്ടർ വൽക്കരണവുമായി ബന്ധപ്പെട്ടുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനായി സാമ്പത്തിക, സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ളതിനാലാണ് പ്ലാൻ ഫണ്ട് സംബന്ധിച്ചുള്ള പർച്ചേസുകൾ ഫിനാൻസ് ഓഫീസറുടെ മേൽ നോട്ടത്തിൽ ഐ.റ്റി സെക്ഷനിൽ കൈകാര്യം ചെയ്തു വരുന്നത്. പ്ലാൻ |

| | | | |
|---|---|---|---|
| | | | ഫണ്ട് ഒരുദ്യോസ്ഥൻ മാത്രമായല്ല ഒന്നിലധികം ഉദ്യോഗസ്ഥരാണ് കൈകാര്യം ചെയ്തു വരുന്നത്. |
| (ഇ) | രജിസ്ട്രേഷൻ വകുപ്പിന് വേണ്ടി കഴിഞ്ഞ പത്തു വർഷമായി ഇ-ടെൻഡർ പോർട്ടൽ കൈകാര്യം ചെയ്തിരുന്ന ഉദ്യോഗസ്ഥരുടെ പേരും ഡെസിഗ്നേഷനും ലഭ്യമാണോ; എങ്കിൽ നൽകാമോ? | (ഇ) | രജിസ്ട്രേഷൻ വകുപ്പിന് വേണ്ടി കഴിഞ്ഞ പത്ത് വർഷമായി ഇ-ടെൻഡർ പോർട്ടൽ കൈകാര്യം ചെയ്തിരുന്ന ഉദ്യോഗസ്ഥരുടെ പേരും സ്ഥാനപ്പേരും ചുവടെ ചേർക്കുന്നു.<br>ശ്രീ.ഷൈൻ ജെ., സീനിയർ സൂപ്രണ്ട്<br>ശ്രീ.വി.റ്റി.വീണാകുമാരി, അസിസ്റ്റന്റ് ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ<br>ശ്രീ.എ.സജീവ്, സീനിയർ സൂപ്രണ്ട്<br>ശ്രീ.പി.കെ. സാജൻകുമാർ, ജോയിന്റ് ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ<br>ശ്രീമതി.മായ ബി.നായർ, സീനിയർ സൂപ്രണ്ട്<br>ശ്രീ.റിസ എം.എം., നോഡൽ ഓഫീസർ |

സെക്ഷൻ ഓഫീസർ

# അനുബന്ധം

**രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽമാർ**

1. ശ്രീ. T.തങ്കപ്പൻ I.A.S. (1996-1997)
2. ശ്രീ. S.സുകുമാരൻ I.A.S. (1997-1999)
3. ശ്രീ. T.O. സൂരജ് I.A.S. (1999-2001)
4. ശ്രീ. പി.സി.ജോൺ I.A.S. (2001-2006)
5. ശ്രീ. എ.കെ.രാമകൃഷ്ണൻ (2006-2011)
6. ശ്രീ. വി.കെ.ബാലകൃഷ്ണൻ I.A.S.(2011-2011)
7. ശ്രീ. എം.ഗിരീസ് കുമാർ I.A.S. (2011-2012)
8. ശ്രീ. കെ.ആർ.വിവേകാനന്ദ് (2012-2012)
9. ശ്രീ. സി.രഘു I.A.S. (2012-2013)
10. ശ്രീ. എം.ജി.രാജമാണിക്യം I.A.S. (2013-2013)
11. ശ്രീ. ഡോ.എ.കൗശികൻ I.A.S. (2013-2014)
12. ശ്രീ. ബി.മോഹനൻ I.A.S. (2015-2015)
13. ശ്രീ. റ്റി.ഭാസ്കരൻ I.A.S. (2015-2015)
14. ശ്രീ. വി.സനൽ കുമാർ I.A.S. (2015-2015)
15. ശ്രീ. മിർ മുഹമ്മദ് അലി I.A.S. (2015-2016)
16. ശ്രീ. ഇ.ദേവദാസൻ I.A.S. (2016-2017)
17. ശ്രീ. കെ.ഗോപാല കൃഷ്ണൻ I.A.S. (2017-2017)
18. ശ്രീമതി. സി.എ.ലത I.A.S. (2017-2018)
19. ശ്രീ. കെ.എൻ.സതീഷ് I.A.S. (2018-2019)
20. ശ്രീ. എ.അലക്സാണ്ടർ I.A.S. (2019-2020)
21. ശ്രീ. ഇൻപശേഖർ.കെ. I.A.S. (2020-തുടരുന്നു )

**ഫിനാൻസ് ഓഫീസർമാർ**

1. ശ്രീ. ബി.കൃഷ്ണകുമാർ (03.06.2015-18.01.2017)
2. ശ്രീമതി ഇന്ദു ജി. (21.03.2017-30.04.2018)
3. ശ്രീ. അജിത്ത് മോഹൻ (21.05.2018-22.11.2018)
4. ശ്രീ.സിറിയക് മാത്യു (23.11.2018-20.08.2019)
5. ശ്രീ. വി.എം.സ്റ്റാലിൻ (23.09.2019-31.05.2021)
6. ശ്രീമതി രഞ്ചു.ടി (01.07.2021-12.05.2022)
7. ശ്രീ.ബിനു എൻ നായർ (12.05.2022- തുടരുന്നു)
8. ശ്രീ. പി.കെ.സാജൻ കുമാർ (ജോയിന്റ് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, 19.01.2017-20.03.2017 & 20.08.2019-19.09.2019 എന്നീ കാലയളവുകളിൽ ഫിനാൻസ് ഓഫീസറുടെ അധിക ചുമതല വഹിച്ചിട്ടുണ്ട്).